**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 21** **29-01-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. ഉബൈദുള്ള ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ ആവശ്യമായ സാധനങ്ങൾ ഇല്ലാത്തതിനാൽ അവയുടെ പ്രവർത്തനം പ്രതിസന്ധിയിലാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ ലഭ്യതക്കുറവുണ്ട്. അത് പരിഹരിക്കാനുള്ള സത്വരനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | സപ്ലൈകോയുടെ പ്രവർത്തനവും നിലവിലെ സാമ്പത്തിക സ്ഥിതിയും വിലയിരുത്തുന്നതിനും, നിലവിലെ സ്ഥിതി സുസ്ഥിരമായി മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുന്നതിനും 24-11-2023 -ലെ സ.ഉ.(സാധാ) നം.473/2023/F&CS ഉത്തരവ് പ്രകാരം ഒരു വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. സബ്സിഡി സാധനങ്ങളുടെ വില പുനർനിർണ്ണയിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സമിതി റിപ്പോർട്ടിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനു വേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. മേഖലാ അടിസ്ഥാനത്തിൽ അവലേകന യോഗങ്ങൾ നടത്തി സ്ഥിതിഗതികൾ വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വില്പന വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ജീവനക്കാർക്കും മറ്റ് തൊഴിലാളികൾക്കും നല്കുകയും ചെയ്യുന്നുണ്ട്. കൂടുതൽ ആകർഷകമായ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ച് ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. ആകർഷകമായ ഡിസ്കൗണ്ടുകളും ഓഫറുകളും നൽകി ഉപഭോക്താക്കളെ സപ്ലൈകോ വില്പനശാലകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. ERP സോഫ്റ്റ് വെയർ എല്ലാ വില്പനശാലകളിലും നടപ്പാക്കിയിട്ടുണ്ട്. ആയത് സപ്ലൈകോയുടെ ഏകോപനവും കാര്യക്ഷമതയും |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നു. വിപണന സാധ്യതയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വിൽപനശാലകൾ മാറ്റി സ്ഥാപിക്കുന്നതിനും തെരഞ്ഞെടുത്ത വിൽപന ശാലകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനും പദ്ധതിയുണ്ട്. മെഡിക്കൽസ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ പെട്രോൾ പമ്പുകൾ ആരംഭിക്കുന്നതിനും നടപടിയെടുത്തു വരുന്നു. സപ്ലൈകോ വിൽപനശാലകളിലെ ജീവനക്കാർക്ക് ആധുനിക കച്ചവട തന്ത്രങ്ങളും ആകർഷകമായ പെരുമാറ്റ രീതികളും പരിശീലിക്കുന്നതിന് ആവശ്യമായ ട്രെയിനിംഗ് നൽകുന്നതാണ്. ഇത്തരത്തിൽ സപ്ലൈകോ വിൽപനശാലകളെ കൂടുതൽ ഉപഭോക്തൃ സൗഹൃദ വിപണന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | സപ്ലൈകോയിലൂടെ വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | (ബി) പിരിവിൽ കാണാവുന്നതാണ്. |
| (ഡി) | സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | (ബി) പിരിവിൽ കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ